# സെന്റ് തോമസ് ഹൈസ്കൂൾ പഴവങ്ങാടി

ഉപജില്ല - റാന്നി

വിദ്യാഭ്യാസ ജില്ല - പത്തനംതിട്ട

ജില്ല - പത്തനംതിട്ട

സ്ഥാപകവർഷം - 1949

## "അക്കാദമിക മാസ്റ്റർ പ്ലാൻ"

ആമുഖം.

റാന്നി സെന്റ് തോമസ് വലിയപള്ളിയുടെ ഉടമസ്ഥതയിൽ 1949-ൽ IVth ക്ലാസ് Vth ക്ലാസ് എന്നീ ക്ലാസുകളോടുകൂടി ആരംഭിച്ച് അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ. എൻ. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ അന്നത്തെ റവന്യൂ ഫോറസ്റ്റ് വകുപ്പ് മന്ത്രി ശ്രീ. വി. ഒ. മർക്കോസിനാൽ ഉത്ഘാടനം ചെയ്യപ്പെട്ട ഈ സ്കൂൾ 1950-ൽ ഒരു പൂർണ്ണഹൈസ്കൂളായി ഉയർത്തപ്പെട്ടു. സ്ഥാപക ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. എം.ഐ. ജോസഫ് ബി.എ. എൽ.ടി. 1975 വരെ തൽസ്ഥാനത്ത് തുടർന്നു. ഇപ്പോൾ ഈ സ്കൂളിൽ 8, 9, 10 ക്ലാസുകളിലായി വിദ്യാർത്ഥികൾ പഠിക്കുന്നു. ഒരു ഹെഡ്മിസ്ട്രസ്, അഞ്ചു ഹൈസ്കൂൾ അസിസ്റ്റന്റുമാർ, ഒരു ദിവസവേതന അദ്ധ്യാപിക, ഒരു ക്ലർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ്, ഒരു പാർട്ടൈം മീനിയൽ എന്നിവർ സേവനമനുഷ്ഠിച്ചുവരുന്നു. തുടർച്ചയായി കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിൽ ഈ സ്കൂൾ S.S.L.C. പരീക്ഷയിൽ 100% വിജയം കൈവരിക്കുന്നു.

സമൂഹത്തിൽ ഉന്നതനിലയിൽ എത്തിയ അനേകം ശിഷ്യഗണങ്ങളെ വാർത്തെടുത്ത ഈ സ്കൂളിൽ 1980 കളിൽ സമീപപ്രദേശങ്ങളിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തതിനാലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ അതിപ്രസരം മൂലവും വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറയുകയുണ്ടായി. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ വീടുകളിലെ കുട്ടികളാണ് ഈ സ്കൂളിൽ പഠനം നടത്തി വരുന്നത്. ഇവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിനായി എല്ലാവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി അദ്ധ്യാപകർ കുട്ടികളുടെ വീടുകൾ സന്ദർശിച്ച്

...ങ്ങളുമായി കുട്ടികളുടെ വിവരങ്ങൾ ചർച്ചചെയ്ത് വേണ്ട നിർദേശങ്ങൾ നൽകിവരുന്നു.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആകുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കിവരുന്നു. 77-ാം വർഷത്തിലേക്ക് കടന്ന സെന്റ് തോമസ് എച്ച്. എസ്. ഗവൺമെന്റ് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഊർജ്ജസ്വലമായി നടത്തി കുട്ടികളുടെ മികവി-നുവേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചു. പച്ചക്കറി തോട്ടം, ഹരിത വിദ്യാലയം പദ്ധതി, യോഗ പരി-ശീലനം, കരാട്ടെ പരിശീലനം, ഫുട്ബോൾ പരിശീലനം, ആരോഗ്യ ക്ലബ്, പരിസ്ഥിതിദിന പ്രവർത്തനങ്ങൾ, സമീകൃത പോഷണ പദ്ധതി, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, സമീകൃത പോഷണ പദ്ധതി, കൗമാര വിദ്യാഭ്യാസം, ആന്റി റാഗിംഗ് പ്രവർത്തനങ്ങൾ, ലാംഗ്വേജ് ലാബ്, സയൻസ് ലാബ്, ബോധവത്കരണ; മാർഗനിർദേശ ക്ലാസ്, ലൈബ്രറി പ്രവർ-ത്തനങ്ങൾ, പഠനപിന്തുണ പ്രവർത്തനങ്ങൾ, ആരോഗ്യ പരിശോധന, കലാപരിപോഷണം, പ്രവൃത്തി പരിചയം, പ്രവർത്തനത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം, സാക്ഷാത്-കരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സമൂഹപങ്കാളിത്തത്തോടെ വലിയ തോതിൽ വിവിധ-ങ്ങളായ ഇടപെടലുകൾ നടക്കുന്നു. ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്താൽ മാത്രമേ നമ്മുടെ വിദ്യാഭ്യാസനിലവാരം ഉയർത്തി

ന്താരാഷ്ട്ര നിലവാരം ഉള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ സാധിക്കൂ. അതിനായി ഞങ്ങളുടെ സ്കൂൾ തയ്യാറാക്കുന്ന വിവിധ വിഷയങ്ങളുടെ മാസ്റ്റർ പ്ലാൻ ഇവിടെ ആവിഷ്കൃതമാകുന്നു.

# ലക്ഷ്യങ്ങൾ

- തുല്യതക്കും ഗുണതക്കും ഊന്നൽ നൽകും.
- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
- കുട്ടികൾ അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച് ആവശ്യമായ ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
- സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.
- മൂല്യബോധം വളർത്തുക.
- ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിക്കനുസരിച്ച് മികവുതെളിയിക്കുന്നതിനുള്ള അവസരങ്ങളൊരുക്കുക.
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.
- പോഷകാഹാരം ഉറപ്പാക്കുക.
- കുട്ടികൾ അവരുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കുക.
- കുട്ടികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക.
- ലിംഗസമത്വം ഉറപ്പാക്കുക.
- "ക്യാമ്പസ് എന്ന പാഠപുസ്തകം" എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കും.

ആരോഗ്യകരമായ ജീവിതശൈലി അനുവർത്തിക്കുക. സുസ്ഥിരമായ ഭക്ഷണശൈലി ഉറപ്പാക്കുക, ഫാസ്റ്റ് ഫുഡ് ഉപയോഗം കുറയ്ക്കുക.

- ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഊർജ്ജത്തിന്റെ ഉപയോഗം വിവേകപൂർവം നടത്തുന്നതിനുള്ള പ്രാപ്തി നേടുന്നു.
- കൗമാരക്കാർ നേരിടുന്ന വെല്ലുവിളികൾക്കും അതിക്രമങ്ങൾക്കും എതിരെ ബോധവത്കരണം നടത്തുന്നതിനും അതിനെതിരെ പ്രതികരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.
- ആംഗലേയഭാഷയിലും മാതൃഭാഷയിലും പ്രാവീണ്യം കൈവരിക്കുന്നു.
- ആന്റി-റാഗിംഗ് സെല്ലിലൂടെ സമത്വം, സാഹോദര്യം, സഹകരണമനോഭാവം, പരസ്പര ബഹുമാനം എന്നി മൂല്യങ്ങൾ വളർത്തി, ഓരോ കുട്ടിക്കും സുരക്ഷിതത്വം ഉറപ്പാക്കുകയും സ്കൂൾ ക്യാമ്പസിൽ അച്ചടക്കം ഉറപ്പുവരുത്തുകയും ചെയ്യുന്നു.
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന ആശയം പ്രാവർത്തികമാക്കി ഇലക്ട്രോണിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നു.
- ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.
- കുട്ടികളിലെ വായനാശീലം വളർത്തുന്നു, സാഹിത്യാഭിരുചി കണ്ടെത്തി പരിപോഷിപ്പിക്കുന്നു.
- വിവിധ ജ്ഞാനോദീപ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.
- കുട്ടികളിൽ ശുശ്രൂഷാമനോഭാവം വളർത്തുന്നതിനും പ്രഥമശുശ്രൂഷയിൽ പങ്കാളികൾ ആകുന്നതിനുമുള്ള പരിശീലനം നൽകുന്നു.

രിയുടെ അമിത ഉപയോഗം സൃഷ്ടിക്കുന്ന പ്രത്യാ-ഘാതങ്ങൾ മനസിലാക്കുവാനുള്ള ബോധവത്കരണം നൽകുന്നു.

- കുട്ടികളിലെ ശാരീരിക-മാനസിക ആരോഗ്യപരിപാലന-ത്തിനും ശുചിത്വ അവബോധനത്തിനും സ്വഭാവരൂ-പീകരണത്തിനും വേണ്ട നടപടികൾ സ്വീകരിക്കും.
- കുട്ടികളുടെ പഠനപുരോഗതിക്കായി അമ്മമാരെക്കൂടെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും.

# ഉപസംഹാരം

വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാലികമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിൽ കുട്ടികളുടെ സർവതോന്മുഖമായ വികാസം സാധ്യമാക്കുന്ന കർമപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ്. ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളതാണ്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികാസങ്ങളെ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

## ഉപമേഖല : മാതൃഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| · എല്ലാ കുട്ടികളും ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മാതൃഭാഷ ഫലപ്രദമായി ...ക്കാനും എഴുത വായിക്കുക ശേഷി വികസിപ്പിക്കൽ | പ്രീടെസ്റ്റ്<br>1. അക്ഷരം ഉറപ്പിക്കൽ<br>2. അക്ഷര കാർഡിലൂടെ വാക്കുകൾ വാക്യങ്ങൾ രൂപീകരിക്കൽ<br>3. ചിത്രം നൽകി അതിനെക്കുറിച്ച് സംസാരിക്കുക.<br>4. കഥ പൂർത്തീകരണം.<br>5. CD പ്രദർശനത്തിലൂടെ വാക്യ നിർമ്മിതി | ഒന്ന് മാസം | ഭാഷാധ്യാപകർ |
| · കുട്ടികളെ വായനാസന്നദ്ധരാക്കുക | കുട്ടികൾക്ക് ആകർഷകമായ തോന്നുന്ന കഥകളും കവിതകളും കുട്ടികളിൽ എത്തിക്കുകയും വായനാശീലം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനായി ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയുടെ പ്രവർത്തനം ശക്തമാക്കുക<br>· സമീപഗ്രന്ഥശാല അംഗത്വം നേടുക<br>പത്രവായന - പ്രധാന വാർത്തകൾ ഓരോ ദിവസവും വായിച്ച് ക്ലാസിൽ അവതരിപ്പിക്കുക.<br>· വായിച്ച പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കുകയും ക്ലാസ് പ്രവർത്തനങ്ങളിലും അസംബ്ലിയിലും ഇത് അവതരിപ്പിക്കുക<br>ദിവസേന പത്രം വായിക്കുന്നു. അസംബ്ലിയിൽ വാർത്തവായന നടത്തുന്നു. | 1 വർഷം | ക്ലാസ് അധ്യാപകർ, ഭാഷാധ്യാപക, ലൈബ്രറി ചുമതലയുള്ള അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല ഏറ്റെടുക്കുന്നവർ |
| --- | --- | --- | --- |
| കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | ഓരോ യൂണിറ്റ് കഴിയുമ്പോഴും രക്ഷിതാക്കളെ വിളിച്ചുകൂട്ടി കുട്ടികളുടെ പഠനനിലവാരം ചർച്ച ചെയ്യുന്നു | അധ്യയന വർഷം | ക്ലാസ് അധ്യാപകർ SRG കൺവീനർ |
| 4. സർഗ്ഗശേഷി വികസിപ്പിച്ച് കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | കുട്ടികളുടെ സർഗ്ഗാത്മക രചനകൾ പ്രദർശിപ്പിക്കുക (നോട്ടീസ് ബോർഡ്) ഇതിൽ മികവ് കാട്ടുന്ന കുട്ടികളുടെ അവരുടെ രക്ഷിതാക്കളെയും ഉൾപ്പെടുത്തി അവരെയും ഇതിലേക്ക് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുന്നു. | അധ്യയന വർഷം | ഭാഷാധ്യാപിക ലൈബ്രേറിയൻ |
| | എല്ലാ ആഴ്ചയും നടക്കുന്ന വിദ്യാരംഗം ക്ലബ് വേദിയിൽ അവരവരുടെ സൃഷ്ടികൾ അവതരിപ്പിക്കുന്നു | | |
| | . എഴുത്തുകാരുടെയും വരകൾ ചിത്രങ്ങൾ ഉൾപ്പെടുത്തി ആൽബം, കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ പതിപ്പ് തയ്യാറാക്കുക . | അധ്യയന വർഷം | ഭാഷാധ്യാപിക |
| 5. ഭാഷാ പരിചയം ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക സ്വഭാവവൈകല്യങ്ങളിൽ നിന്ന് കുഞ്ഞുങ്ങളെ രക്ഷിക്കുക | ലഹരിവിരുദ്ധ വാക്യങ്ങൾ കുട്ടികൾ എഴുതിയും വരച്ചും പോസ്റ്റർ ചാർട്ടിലൂടെ പ്രദർശിപ്പിക്കുകയും ചെയ്യുക | അധ്യയന വർഷം | ഭാഷാധ്യാപിക |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| ഭിന്നശേഷിക്കാരുടെ ഉന്നമനം | ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനം ആസ്വാദനം, അക്ഷരവായന, എഴുത്ത്, കൈവായന, ചിത്രദർശനം, കഥ പറയൽ etc. പ്രത്യേക സേവനം<br>· ഭിന്നശേഷിക്കാരെ അവർക്ക് താൽപര്യമുള്ള മേഖല കണ്ടെത്തി പ്രോത്സാഹിപ്പിക്കുക | അധ്യയന വർഷം | ഭാഷാധ്യാപിക |
| 7 - സാഹിത്യകാരന്മാരുടെ ചിത്ര പ്രദർശനം | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത് വചനങ്ങൾ എന്നിവ പ്രദർശിപ്പിക്കുക | അധ്യയന വർഷം | ഭാഷാധ്യാപിക |

# മേഖല - ആംഗലഭാഷാപഠനം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ഇംഗ്ലീഷ് ഭാഷയോട് സൗഹൃദമായ താൽപര്യം വളർത്തിയെടുക്കുന്നതിനും ഇംഗ്ലീഷ് ഭാഷ ഭയരഹിതമായി കൈകാര്യം ചെയ്യുന്നതിനുള്ള ആത്മവിശ്വാസം സ്വായത്തമാക്കുക. | • പഠനനിലവാരം കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | | ഇംഗ്ലീഷ് അധ്യാപകർ |
| | | • അക്ഷരകാർഡ്<br>അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ. | ഹ്രസ്വ കാലം | |
| | | • കഥാപുസ്തകം.<br>ചെറുകഥകൾ ഉൾപ്പെടുന്ന കഥാപുസ്തകങ്ങൾ നൽകി അവരെ പരമാവധി വായന പ്രോത്സാഹിപ്പിക്കുന്നു. ശേഷം അതിനെപ്പറ്റി കുറിപ്പ് തയാറാക്കുക. | ആദ്യ 3 മാസം | |
| | | • ഇംഗ്ലീഷ് അസംബ്ലി.<br>ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. പുസ്തക വായനയിലൂടെ തയാറാക്കിയ കുറിപ്പ് അവതരിപ്പിക്കുക. | | ഇംഗ്ലീഷ് അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>ക്ലാസ് റെപ്രസെന്റേറ്റീവ് |
| | | • കഥാ പൂർത്തീകരണം<br>ഒരു കഥയുടെ കുറച്ച് ഭാഗം നൽകി ബാക്കി പറയിപ്പിക്കുന്നു എഴുതിപ്പിക്കുന്നു. | ഹ്രസ്വ കാലം | |
| | | • ഇംഗ്ലീഷ് ക്ലബ്<br>വിദ്യാരംഗം കലാസാഹിത്യ വേദിയുടേയും ഇംഗ്ലീഷ് | | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | ക്ലബ്ബിനെയും അതിന്റെ പ്രവർത്തനത്തിൽ വിവിധ കലാപരിപാടികൾ നടത്തുന്നു. | Academic year | ഹെഡ്മാസ്റ്റർ |
| 2. | കുട്ടികളുടെ ഭാഷാ നിലവാരം ഉയർത്തുവാനുള്ള നൂതന വിദ്യകളെ പരിചയപ്പെടുത്തുന്നു. | • Language Lab. കുട്ടികളെ language lab പരിചയപ്പെടുത്തുകയും അതിലൂടെ കുട്ടികളുടെ ഭാഷയിലുള്ള താത്പര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.<br>• Smart Class.<br>• Language games using ICT | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |
| 3. | ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മകത വികസനം. | • ഇംഗ്ലീഷ് ഭാഷയിൽ രചനാ മത്സരങ്ങൾ<br>• ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>• Role play, drama.<br>• Movie watching. | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് അധ്യാപകർ |
| 4. | വായന പരിപോഷിപ്പിക്കൽ | • ഇംഗ്ലീഷ് രചനകൾ വായിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.<br>• രചനകൾ വായിച്ചശേഷം അവയെപ്പറ്റി കുറിപ്പുകൾ തയ്യാറാക്കുക.<br>• Book reviews അസംബ്ലിയിൽ അവതരിപ്പിക്കുക. | Academic year | • ഇംഗ്ലീഷ് അധ്യാപകർ<br>• ക്ലാസ് ടീച്ചർ<br>• ഇംഗ്ലീഷ് ക്ലബ്. |

മേഖല : ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. | അക്ഷരങ്ങൾ പ്രദർശിപ്പിച്ച് വായിപ്പിക്കുക. | ജൂൺ ജൂലൈ | ഹിന്ദി ടീച്ചർ |
| ഉച്ചാരണം പരിചയപ്പെടുത്തുന്നു | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കുട്ടികളെ പരിചയപ്പെടുത്തുന്നു | ജൂലൈ ഓഗസ്റ്റ് | ഹിന്ദി ടീച്ചർ |
| സാഹിത്യ അഭിരുചി വളർത്തുക. ഹിന്ദി വാരാഘോഷസമയത്ത് ഹിന്ദി കലോൽസവം വിപുലമായ രീതിയിൽ നടത്തുന്നു. കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ, ഒക്ടോബർ, നവംബർ | ഹിന്ദി ടീച്ചർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഡിസംബർ, ജനുവരി | ഹിന്ദി ടീച്ചർ |

## മേഖല : ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ ക്ലാസ്സിൽ കുട്ടികളുടെ അവതരണം പരീക്ഷണങ്ങളി. | 1 വർഷം | സയൻസ് അദ്ധ്യാപിക |
| | | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ | സെപ്റ്റംബർ മാസം | |
| | | 3. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം, നിരീക്ഷണം | | |
| 2. | ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | ജൂലൈ to ഒക്ടോബർ | 〃 |
| 3. | പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അദ്ധ്യാപകർ - കുട്ടി, കുട്ടി - കുട്ടി (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | 1 വർഷം | സയൻസ് അദ്ധ്യാപിക, പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 4. | ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ. | ജൂൺ മാസം | സയൻസ് അദ്ധ്യാപിക |

| | | | | |
|---|---|---|---|---|
| 5. | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യുക ശാസ്ത്രീയ മനോഭാവമുള്ളവരാക്കുക. | • Science club രൂപീകരണം, പ്രവർത്തനങ്ങൾ<br>• Science bulletin board. | 1 വർഷം | സയൻസ് അധ്യാപിക |
| 6. | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര താത്പര്യമുണ്ടാക്കാനും | • ശാസ്ത്രദിനാചരണങ്ങൾ<br>• ശാസ്ത്രപതിപ്പുകൾ, പോസ്റ്റർ/ചാർട്ട് തയ്യാറാക്കൽ<br>• സ്പെസിമെൻ നിർമ്മാണം. | 1 വർഷം | 〃 |
| 7. | ശാസ്ത്ര പരീക്ഷണങ്ങളെ തിരിച്ചറിഞ്ഞ് ശാസ്ത്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | • പരീക്ഷണങ്ങൾ ചെയ്ത് പരിശീലനം<br>• സ്വന്തമായി ചെയ്ത് പരീക്ഷണങ്ങൾക്ക് പരിശീലനം | ജൂലൈ to ഡിസംബർ | 〃 |
| 8. | ശാസ്ത്ര മേളകൾക്ക്: | • ക്ലാസിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് ചെയ്യപ്പെടുന്ന പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• ശാസ്ത്ര ശില്പശാലകൾ | നിശ്ചിത പാഠഭാഗം [illegible] | 〃 |

| | | | | |
|---|---|---|---|---|
| 9. | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക. | • കുട്ടികളുടെ ആരോഗ്യത്തെ സൂക്ഷിക്കുന്നു.<br>• തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നു.<br>• ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ. | ജൂൺ, ജൂലൈ | ഹരിത ക്ലബ് |
| 10. | ജൈവവൈവിധ്യ രജിസ്റ്റർ. | • രജിസ്റ്റർ തയാറാക്കി അത് ശാസ്ത്രപഠനത്തിനായി ഉപയോഗപ്പെടുത്തൽ. | 1 വർഷം | സയൻസ് ക്ലബ്. |
| 11. | ആരോഗ്യകരമായ ജീവിതശൈലി അനുവർത്തിക്കുക. | • സെമിനാർ<br>• ഭക്ഷ്യമേള<br>• ബോധവൽക്കരണ ക്ലാസ് | 1 വർഷം ഒക്ടോബർ | " |
| 12 | പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് എന്ന ആശയം പ്രാവർത്തികമാക്കുക. | • ക്ലാസുകൾ<br>• ശുചീകരണ പ്രവർത്തനങ്ങൾ<br>• പ്ലാസ്റ്റിക് ബദൽ സംവിധാനം പ്രയോജനപ്പെടുത്തൽ | 1 വർഷം | സയൻസ് ക്ലബ് |
| 13. | ലഹരിയുടെ അമിത ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • ക്ലാസുകൾ<br>• പ്രതിജ്ഞ<br>• റാലി<br>• റോൾപ്ലേ | 1 വർഷം | വിമുക്തി ക്ലബ്<br>എക്സൈസ് വകുപ്പ് |

# ഉപമേഖല : സാമൂഹ്യശാസ്ത്രം.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | പഠനപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മികച്ച പാഠപുസ്തക പരിചയപ്പെടുത്തലും അതോടെ സാമൂഹ്യശാസ്ത്രത്തോട് താല്പര്യം ജനിപ്പിക്കൽ. | MCQ<br>സാമൂഹ്യശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ. മഹാന്മാരുടെ ചിത്രങ്ങൾ ചിന്തകരുടെ ആത്മകഥ, ജീവചരിത്രം എന്നിവ കൂടെ പ്രദർശനം. | ആദ്യ രണ്ട് മാസങ്ങൾ. | സോഷ്യൽ സയൻസ് അദ്ധ്യാപിക |
| 2. | ലോക പരിസ്ഥിതി സംരക്ഷണം. | ഭൂഖണ്ഡങ്ങൾ, രാജ്യങ്ങൾ വില്ലേജ് ... എന്നിവ പരിചയപ്പെടുത്തൽ വയനാട് ദുരന്തം പരിചയപ്പെടുന്നു. ചിത്രങ്ങൾ പരിശോധിക്കുന്നു. | ഒരു മാസം | സോഷ്യൽ സയൻസ് അദ്ധ്യാപിക |
| 3. | ലോക പരിജ്ഞാനം ഉണ്ടാക്കുക. | വിവിധ രാജ്യങ്ങളുടെ കറൻസികളും പരിചയപ്പെടുത്തുന്നു. പതാകയും പരിചയപ്പെടുത്തുന്നു | ഒരു മാസം | സോഷ്യൽ സയൻസ് അദ്ധ്യാപിക. |
| 4. | ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക | ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുകയും ആഘോഷിക്കൽ. ഓരോ ദിനാചരണങ്ങളും ഓരോ ക്ലാസുകളെ ചുമതലപ്പെടുത്തി അസംബ്ലി നടത്തുക. | അദ്ധ്യയന വർഷം | സോഷ്യൽ സയൻസ് അദ്ധ്യാപിക |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- |
| . | പ്രകൃതിശാസ്ത്രപരമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തിയെടുക്കൽ. | ചാർട്ടുകൾ, ചിത്രങ്ങൾ, ഭൂപടവായന മികവാർന്നവയുടെ നിർമ്മാണം. I.C.T സാധ്യത പ്രയോജനപ്പെടുത്തൽ. | അക്കാദമിക കാലം. | സാമൂഹ്യശാസ്ത്ര അദ്ധ്യാപിക. |
| 6. | സാമൂഹ്യശാസ്ത്രജ്ഞന്മാരെ സൃഷ്ടിക്കുന്നതിനായി സാമൂഹ്യശാസ്ത്ര ലാബ്. | സാമൂഹ്യശാസ്ത്രപഠനം രസകരവും വിജ്ഞാനപ്രദവുമാക്കുന്നതിനായി പ്രൊജക്റ്റുകൾ, ICT, ലൈബ്രറി പുസ്തകങ്ങൾ, ചാർട്ടുകൾ, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോടെ സാമൂഹ്യശാസ്ത്രലാബ് തയ്യാറാക്കുക. | അദ്ധ്യയന വർഷകാലം | സാമൂഹ്യശാസ്ത്ര അദ്ധ്യാപിക SITC, ലൈബ്രേറിയൻ |
| 7. | ഭൂമാതൃകകളിലൂടെ കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കുന്നു. | കുട്ടികളെ പ്ലാനിറ്റോറിയം കാണിക്കുക. ICT സാധ്യത ഉപയോഗം ഭൂമിയുമായി ബന്ധപ്പെട്ട വിവിധ ചിത്രശേഖരണം നടത്തി ആൽബം തയ്യാറാക്കുക. | ഒരു മാസം | സാമൂഹ്യശാസ്ത്ര അദ്ധ്യാപിക. |

## ഉപമേഖല: പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ മുഖ്യധാരയിലേക്ക്.

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മുൻപന്തിയിലെത്തിക്കുക. | • ക്ലാസധ്യാപകന്റെയും സ്പെഷ്യൽ എഡ്യുക്കേറ്ററുടെയും നിരീക്ഷണത്തിലൂടെ കുട്ടികളെ കണ്ടെത്തുന്നു. | • അധ്യയനവർഷാരംഭം | SE ക്ലാസധ്യാപകർ രക്ഷിതാക്കൾ. |
| | | • വ്യക്തിഗത ശ്രദ്ധയും സഹായവും കൂടുതൽ ആവശ്യമുള്ളവർക്ക് ഒരു മേഖലയിൽ ഒരു ലക്ഷ്യം തീരുമാനിച്ച് വേണ്ട പരിശീലനം നൽകുന്നു. | അധ്യയനവർഷാരംഭം. | SE |
| 2. | രക്ഷിതാക്കൾക്ക് ബോധവത്കരണം | • സ്പെഷ്യൽ പി.ടി.എ ക്ഷണിച്ച് രക്ഷിതാക്കൾക്ക് വേണ്ട ബോധവത്കരണം നൽകുന്നു. | | HM SE ക്ലാസധ്യാപകർ |
| 3. | അനുരൂപീകരണ പ്രവർത്തനം. | • വിഷയാധ്യാപകരും SE യും കൂടി ആലോചിച്ച് ഓരോ വിഷയങ്ങൾക്കും വേണ്ടുന്ന അനുരൂപീകരണം നടത്തുന്നു. | അധ്യയനവർഷം | SRG SE ക്ലാസധ്യാപകർ |
| 4. | ദിനാചരണങ്ങളും ആഘോഷങ്ങളും. | • എല്ലാ ദിനാചരണങ്ങളിലും ആഘോഷങ്ങളിലും ഭിന്നശേഷിക്കാരായ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | അധ്യയന വർഷം. | SE ക്ലാസധ്യാപകർ |

## ഉപമേഖല : കലാപ്രവർത്തി പരിചയ പഠനം.

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം. |
|---|---|---|---|---|
| 1. | കുട്ടികളെ വിവിധ കലകൾ പരിചയപ്പെടുത്തുക. | കുട്ടികളെ ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളുടെയും തനതുകലകൾ കണ്ടെത്തി അതിനെപറ്റി ചിത്രങ്ങൾ ശേഖരിക്കുക, കുറിപ്പ് തയ്യാറാക്കുക, ICT ഉപയോഗിച്ച് വിവരങ്ങൾ മനസിലാക്കിക്കുക. | അധ്യാപിക | അധ്യയന വർഷം |
| 2. | പഠനത്തോടൊപ്പം തൊഴിൽ പരിശീലനം | • പാഴ്‌വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപന്ന നിർമാണം, കവർ നിർമാണം, വെജിറ്റബിൾ പ്രിന്റിംഗ്, പേപ്പർ ക്യാരിബാഗ് നിർമാണം തുടങ്ങിയ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക, അതിനായി പ്രോത്സാഹിപ്പിക്കുക. | Work Teacher | |

## ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1. സന്തുലിത ആരോഗ്യം കൈവരിക്കുന്നതിലും നിലനിർത്തുന്നതിലും കായിക പ്രവർത്തനങ്ങൾക്കുള്ള പങ്ക് മനസിലാക്കുക. | • കുട്ടികളെ വിവിധ കായിക വിനോദങ്ങൾ പരിചയപ്പെടുത്തുക.<br>• കായിക പ്രാധാന്യം ഉൾക്കൊള്ളുന്ന നാടക അവതരണം. | രണ്ട് മാസം | കായികാധ്യാപകർ<br>ഭാഷാധ്യാപകർ |
| 2. യോഗ പരിശീലനത്തിലൂടെ ശാരീരിക മാനസിക ക്ഷമത മെച്ചപ്പെടുത്തുക. | • കുട്ടികളെ യോഗ പരിശീലിപ്പിക്കുക.<br>• യോഗ ദിനാചരണം. | ആഴ്ചയിൽ രണ്ട്. | കായികാധ്യാപകർ |
| 3. കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷയെക്കുറിച്ചും പ്രഥമ ശുശ്രൂഷയെക്കുറിച്ചും അറിവ് നേടുക. | • കായിക പ്രവർത്തനങ്ങളിലെ സുരക്ഷാ മാർഗങ്ങളായ റോളിങ്, ഫ്രണ്ട് റോൾ തുടങ്ങിയവ പറ്റി പഠിപ്പിക്കുക.<br>• പ്രഥമ ശുശ്രൂഷകളായ വായുസഞ്ചാരമാർഗം, ശ്വസനം, രക്തചംക്രമണം തുടങ്ങിയവയെക്കുറിച്ച് മനസിലാക്കുക. | രണ്ട് മാസം | കായികാധ്യാപകർ |
| 4. കായിക പ്രാധാന്യമുള്ള ദിനങ്ങൾ മനസിലാക്കുക. | • കായികപ്രാധാന്യമുള്ള ദിനങ്ങൾ കണ്ടെത്തി ചാർട്ട് ചെയ്യുക.<br>(e.g. April 7- ലോകാരോഗ്യദിനം) | | |

| | | | |
|---|---|---|---|
| കായിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളെക്കുറിച്ച് അറിവു നേടാം. | • SAI, NSTC, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളും കണ്ടെത്തുക. <br> • ICT സാധ്യത ഉപയോഗപ്പെടുത്തുക. | ഒരു മാസം | കായികാധ്യാപകൻ |
| 6. കുട്ടികളുടെ സ്വയ പ്രതിരോധശേഷി വളർത്തുവാൻ കരാട്ടെ പരിശീലനം. | • പരിശീലകന്റെ സഹായത്തോടെ എല്ലാ കുട്ടികൾക്കും കരാട്ടെ പരിശീലനം നൽകുക. | അദ്ധ്യയന വർഷം | കരാട്ടെ പരിശീലകൻ. |
| 7. ശാരീരിക മാനസിക ക്ഷമതയും ഉല്ലാസവും വർധിപ്പിക്കുന്നതിന് | • പരിശീലകന്റെ സഹായത്തോടെ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നു. | അദ്ധ്യയന വർഷം | ഫുട്ബോൾ പരിശീലകൻ |

# മേഖല - ഹൈസ്കൂൾ - ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | തുടർപ്രവർത്തനം | അധ്യാപകർ |
| 3 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ ആകൃതികൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിതക്ലബ് |
| 4 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർപ്രവർത്തനം | അധ്യാപകർ സംഘ നേതാവ് |
| 5 | അധ്യാപകർ കാലാനുസൃതമായി മെച്ചപ്പെട്ട ക്ലാസ് മുറികളിലൂടെ തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ ആത്മവിശ്വാസം ഉറപ്പിക്കൽ | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ. പാഠാസൂത്രണം, ഇവ കൂടിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർപ്രവർത്തനം | വിഷയ സമിതി കൺവീനർ, ഇതര അധ്യാപകർ. |
| 6 | ഗണിത മത്സരവേദികളിലേക്ക്: മേളകളിൽ ഉന്നത വിജയം കൈവരിക്കൽ. | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി അധ്യാപകർ, പി.ടി.എ |